മി. സ്പീക്കർ: 2015 മാർച്ച് 13 നമ്മുടെ നിയമസഭാ ചരിത്രത്തിലെ ഏറ്റവും ദു:ഖകരമായ ദിനമായി മാറി. ലോകത്തിനുമുന്നിൽ തലകുനിച്ച് നിൽക്കേണ്ടതായ അവസ്ഥ ഈ സംഭവങ്ങൾമൂലം നമുക്കുണ്ടായി. ഈ സംഭവങ്ങൾ ഇപ്പോൾ ലോകം മുഴുവനും ചർച്ച ചെയ്യുകയാണ്. പല കാര്യങ്ങളിലും ഒന്നാം സ്ഥാനത്ത് നിൽക്കുന്ന നമ്മൾക്ക് ഈ ഒരു ദിവസത്തെ സംഭവങ്ങളിലൂടെ ആ ഒന്നാം സ്ഥാനം നഷ്ടപ്പെടുകയായിരുന്നു. വളരെ പരിപാവനമായി കരുതുന്ന നിയമസഭയിലെ സ്പീക്കർ ഡയസിൽ ഇുടക്കബെൽ അടിക്കുന്നതിനുമുൻപേ ചാടിക്കയറുകയും അടിച്ചു നശിപ്പിക്കുകയും ചെയ്ത ദൃശ്യങ്ങൾ നമ്മുടെ സാംസ്കാരിക പുരോഗതിയെതന്നെ വെല്ലുവിളിക്കുന്നു. സകല സീമകളും ലംഘിച്ചുകൊണ്ടുള്ള പ്രവൃത്തികളിലൂടെ നാം നമ്മെത്തന്നെയാണ് നാണം കെടുത്തിയിട്ടുള്ളത്. ഇത്തരം ഒരു സംഭവം ഭാരതത്തിൽ ഒരു നിയമസഭയിലും ഉണ്ടായതായി അറിവില്ല. വളരെയേറെ സാംസ്കാരിക സമ്പന്നരും സാക്ഷരരുമായ നമ്മൾതന്നെ ഇത്തരമൊരു അവസ്ഥയിലേയ്ക്ക് തരംതാഴുന്നത് നമുക്കുതന്നെ തീരാക്കളങ്കമായി മാറി. ജനാധിപത്യത്തിനും നിയമനിർമ്മാണസഭാ പ്രവർത്തനങ്ങൾക്കും ഈ സംഭവങ്ങൾ വിനാശകരമായി ഭാവി പ്രവചിക്കുന്നു. ഈ സംഭവങ്ങളിൽ നാം സ്വയം ലജ്ജിക്കുകയും ദു:ഖം പ്രകടിപ്പിക്കുകയും ജനങ്ങളോട് മാപ്പുപറയുകയും ചെയ്യേണ്ടതുണ്ട്. ഇനിയും

കാലങ്ങളോളം നിലനിൽക്കേണ്ട ജനാധിപത്യ മൂല്യങ്ങൾ ഇത്തരം സംഭവവികാസങ്ങളിലൂടെ നശിപ്പിക്കുന്നതിന് നാം അടുത്ത തലമുറയോട് കണക്ക് പറയേണ്ടതായിവരും. ഒരിക്കലും സംഭവിക്കാൻ അരുതാത്തത് സംഭവിച്ചുകഴിഞ്ഞു. നാം ലോകത്തിനുമുന്നിൽ നാണംകെട്ടു. ലോകം മുഴുവൻ ചർച്ചചെയ്യുന്ന ഈ കറുത്ത ദിനത്തിൽ നാമെല്ലാം ഉത്തരം പറയേണ്ടതായി വരും.

മാർച്ച് 13-ന് നടന്ന ഈ സംഭവങ്ങളെക്കുറിച്ച് ചില നടപടികൾ എടുക്കുന്നതിനെകുറിച്ച് പ്രമേയം അവതരിപ്പിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആവശ്യപ്പെട്ടിട്ടുണ്ട്. അതേസമയം......

(....ബഹളം....)

ചെയർ ഒന്ന് പറഞ്ഞുതീരട്ടെ. അതേ സമയംതന്നെ ബഹുമാനപ്പെട്ട ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. കെ.എം. മാണിയെ ബഡ്ജറ്റ് അവതരണത്തിൽനിന്നും മാറ്റണമെന്നാവശ്യപ്പെട്ട് സഭയിലുണ്ടായ പ്രതിഷേധത്തിനുനേരെയും എൽ.ഡി.എഫ്. നടത്തിയ മാർച്ചിനുനേരെയും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പോലീസ് അഴിച്ചുവിട്ടതായി പറയപ്പെടുന്ന മർദ്ദനങ്ങളേയും ലാത്തിച്ചാർജ്ജുകളേയും കണ്ണീർവാതക പ്രയോഗത്തേയും സംബന്ധിച്ച് ഒരു അടിയന്തരപ്രമേയവും ബഹുമാന്യരായ പ്രതിപക്ഷ നേതാക്കൾ

തന്നിട്ടുണ്ട്. ഈ രണ്ട് കാര്യങ്ങളെയുംപറ്റി കക്ഷിനേതാക്കളുമായി ചർച്ചചെയ്യുന്നതിന് സഭ അൽപ്പസമയം നിർത്തിവയ്ക്കുന്നു.

(സഭ രാവിലെ 9.34- ന് അൽപ്പസമയത്തേയ്ക്ക് നിർത്തിവച്ചു)